**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3034** **07-10-2025 - ൽ മറുപടിയ്ക്ക്**

**മൈക്രോ ഇറിഗേഷൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ സർക്കാർ തലത്തിൽ എത്ര മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്; അവയുടെ വിശദാംശം ലഭ്യമാക്കാമോ; അതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | **സംസ്ഥാന ബജറ്റ് വിഹിതം ഉപയോഗിച്ച് പാലക്കാട് ജില്ലയിലെ കരടിപ്പാറയിൽ ₹3.10 കോടി രൂപയുടെ പദ്ധതിയും, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ധനസഹായം ഉപയോഗിച്ച് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) ഉൾപ്പെട്ട കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീമുകൾ പാലക്കാട് ജില്ലയിലെ മൂങ്കിൽമട (₹6.79 കോടി രൂപ), വലിയേരി (₹3.88 കോടി രൂപ), നാവിതൻകുളം (₹3.00 കോടി രൂപ), കുന്നംകാട്ടുപതി (₹5.21 കോടി രൂപ) എന്നീ പ്രദേശങ്ങളിലും, വയനാട് ജില്ലയിലെ അത്തിച്ചാൽ - മുണ്ടൻകൊല്ലി (₹2.65 കോടി രൂപ) പദ്ധതികളും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) മുഖേന പൂർത്തിയാക്കിയിട്ടുണ്ട്.**<br><br>**സംസ്ഥാനത്ത് കെ.എം. മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ നടപ്പിലാക്കാൻ തീരുമാനിച്ച തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ (₹2.00 കോടി), എറണാകുളം ജില്ലയിലെ കൂട്ടിത്താനാൽ-തിരുമാറാടി (₹5.27 കോടി), പത്തനംതിട്ട ജില്ലയിലെ സീതത്തോട് (₹2.85 കോടി), ഇടുക്കി ജില്ലയിലെ വണ്ടന്മേട് (₹3.10 കോടി), കാമാക്ഷി- പാറക്കടവ് (₹3.23 കോടി), കോഴിക്കോട് ജില്ലയിലെ കാഞ്ഞിരമുഴി (₹5.08 കോടി), ഇടുക്കി ജില്ലയിലെ കാമാക്ഷി - II (₹2.00 കോടി), കൽവരി മൗണ്ട് (₹9.91 കോടി) ഉടങ്ങിയ പദ്ധതി പ്രവൃത്തികൾ കെ.ഐ.ഐ.ഡി.സിയ്ക്ക് കീഴിൽ നടപ്പിലാക്കി വരുകയാണ്.**<br><br>**ദസനക്കര മൈക്രോ ഇറിഗേഷൻ സ്കീം - പുൽപ്പള്ളിപഞ്ചായത്തിലെ ദസനക്കരയിലെ മൈക്രോ ഇറിഗേഷൻ പദ്ധതി (₹2.615 കോടി), വാഴവറ്റ മൈക്രോ ഇറിഗേഷൻ പദ്ധതി - മുട്ടിൽ പഞ്ചായത്തിലെ വാഴവറ്റ ചീപ്രം മൈക്രോ** |

| | | | |
|---|---|---|---|
| | | | **ഇറിഗേഷൻ പദ്ധതി - വയനാട് ജില്ല (ഫേസ് 1,2,3,4) (₹5.27 കോടി), കുറിവിലങ്ങാട് പഞ്ചായത്തിലെ കാർഷിക വിളലഭ്യത വർദ്ധിപ്പിക്കുന്നതിനായുള്ള മൈക്രോ ഇറിഗേഷൻ പദ്ധതി (ഫേസ് 1, 2,) കോട്ടയം ജില്ല (₹2.15 കോടി), ഇടുക്കി ജില്ലയിലെ ചിന്നാർ മൈക്രോ ഇറിഗേഷൻ പദ്ധതി - ഫേസ് II (₹1.6579 കോടി) എന്നീ മൈക്രോ ഇറിഗേഷൻ പദ്ധതികൾ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കി വരുകയാണ്.** |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം വിളകൾ ഉൾപെടുത്തിയിട്ടുണ്ടെന്നും ഓരോ വിളകൾക്കും പ്രതിദിനം എത്ര ലിറ്റർ ജലമാണ് നൽകാനുദ്ദേശിച്ചിട്ടുള്ളതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; പൂർത്തിയായ പദ്ധതികളിൽ ഉദ്ദേശിച്ച വിധത്തിൽ ജലം നൽകുന്നതിനു സാധിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | **പ്രസ്തുത പദ്ധതികളിൽ പ്രധാനമായും നാണ്യവിളകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തെങ്ങ്, കവുങ്ങ്, കുരുമുളക്, ഏലം, കാപ്പി, വെറ്റില, കൊക്കോ, ജാതി, അടയ്ക്ക ഇവയൊക്കെയാണ് പ്രധാന വിളകൾ. ഓരോ വിളകൾക്കും ആവശ്യമായ ജലം വ്യത്യസ്തമാണ്. മഴയുടെ ലഭ്യതയിൽ നിന്നും മണ്ണിനുണ്ടാകുന്ന ഈർപ്പം കണക്കിലെടുത്ത് ബാക്കിവരുന്ന ജലം മാത്രം ഓട്ടോമേറ്റഡ് കണ്ട്രോൾ സിസ്റ്റത്തിലൂടെ നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. പൂർത്തീകരിച്ച പദ്ധതികളിൽ ഉദ്ദേശിച്ച വിധത്തിൽ ജലം നൽകാൻ കഴിയുന്നുണ്ട്.** |
| (സി) | പ്രസ്തുത പദ്ധതിയിൽ വൈദ്യുതി സൗജന്യമായി നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ തുക വകുപ്പിൽ നിന്നും കെ. എസ്. ഇ. ബി. യ്ക്ക് നൽകുന്ന വിധം എങ്ങനെയാണെന്ന് അറിയിക്കാമോ; പൂർത്തിയായ പദ്ധതികളിൽ ഇതുവരെ ഉപയോഗിച്ച വൈദ്യുതിയുടെ അളവ് എത്രയാണെന്നും ഈ പദ്ധതിയിൽ സോളാർ വൈദ്യുതി ഉപയോഗിക്കുന്നുണ്ടോയെന്നും അറിയിക്കാമോ; | (സി) | **വൈദ്യുതി സൗജന്യമായി നിലവിൽ നൽകുന്നില്ല. ജലസേചന വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന പദ്ധതിയുമായി ബന്ധപ്പെട്ട് സമർപ്പിക്കുന്ന വൈദ്യുതി ബിൽ തുകയാണ് സർക്കാരിൽ നിന്ന് അടയ്ക്കുന്നത്. പാലക്കാട് ജില്ലയിലെ എരുത്തേൻപതി പഞ്ചായത്തിലെ (ചിറ്റൂർ നിയോജകമണ്ഡലം) മൂങ്കിൽമടയിൽ സോളാർ പദ്ധതി ഇപ്പോൾ ചെയ്തു വരുന്നുണ്ട്.** |
| (ഡി) | പാലക്കാട് മൂലത്തറ ഡാം റൈറ്റ് ബാങ്ക് കനാൽ ദീർഘിപ്പിക്കുന്ന പദ്ധതി മൈക്രോ ഇറിഗേഷൻ പദ്ധതിയുമായി ബന്ധിപ്പിച്ചാണോ നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | **പ്രസ്തുത പദ്ധതി മൈക്രോ ഇറിഗേഷൻ പദ്ധതിയുമായി ബന്ധിപ്പിച്ചാണ് നടപ്പിലാക്കുന്നത്.** |

സെക്ഷൻ ഓഫീസർ